ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:19.11.2024**

## പ്രധാനവാർത്തകൾ

1. ബ്രസീലിൽ നടക്കുന്ന ജി-20 ഉച്ചകോടിയുടെ രണ്ടാം ദിനത്തിൽ സുസ്ഥിര വികസനവും ഊർജ്ജ പരിവർത്തനവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള യോഗത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും

2. ഉപതിരഞ്ഞെടുപ്പിന് സജ്ജമായി പാലക്കാട്. വോട്ടെടുപ്പ് നാളെ.

3. കേരളത്തിന്റെ പാരമ്പര്യവും ചരിത്രശേഷിപ്പുകളും സംരക്ഷിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. ലോകപൈതൃക വാരാഘോഷത്തിന് സംസ്ഥാനത്ത് തുടക്കമായി.

4. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനത്തിനുള്ള കേന്ദ്ര സർക്കാർ പുരസ്കാരം കേരളത്തിന്. കൊല്ലം മികച്ച മറൈൻ ജില്ല.

5. വ്യവസായ പാർക്കുകളുടെ നിർമാണത്തിനായി ഏറ്റെടുക്കാൻ പറ്റുന്ന ഭൂമികൾ കൃത്യമായി മാപ് ചെയ്തിട്ടുണ്ടെന്ന് മന്ത്രി പി.രാജീവ്.

6. വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കിയിൽ ഇന്ത്യയും ജപ്പാനും തമ്മിലുള്ള സെമി ഫൈനൽ മത്സരം പുരോഗമിക്കുന്നു. മലേഷ്യയെ പരാജയപ്പെടുത്തി ചൈന ഫൈനലിൽ.

******************************************************************

RNUTVPM

## ജി-20 രണ്ടാം ദിനം

ബ്രസീലിലെ റിയോ ഡി ജെനേറോയിൽ നടക്കുന്ന ജി-20 ഉച്ചകോടിയുടെ രണ്ടാം ദിനം സുസ്ഥിര വികസനവും ഊർജ്ജ പരിവർത്തനവും എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള യോഗത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് അഭിസംബോധന ചെയ്യും. ഇതിനുപുറമെ, ബ്രസീൽ, അർജൻറീന, ചിലി, ഓസ്ട്രേലിയ എന്നീ രാജ്യത്തലവന്മാരുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. ഉച്ചകോടിയിൽ പങ്കെടുത്ത ശേഷം ത്രിരാഷ്ട്ര സന്ദർശനത്തിൻറെ മൂന്നാം പാദത്തിൽ ശ്രീ മോദി ഗയാനയിലേക്ക് പുറപ്പെടും. നൈജീരിയൻ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ബ്രസീലിൽ എത്തിയത്.

RNU TVPM

*******************************************************************

## പി എം-സാഗർമന്ഥൻ

സ്വതന്ത്രവും സുരക്ഷിതവുമായ സമുദ്ര ശൃംഖലയെക്കുറിച്ചുള്ള ഇന്ത്യയുടെ കാഴ്ചപ്പാട് ലോകമെമ്പാടും പ്രതിധ്വനിക്കുന്നുവെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ന്യൂഡൽഹിയിൽ നടന്ന 'സാഗർമന്ഥൻ ദി ഓഷ്യൻസ് ഡയലോഗ്' വിജയകരമായി സംഘടിപ്പിച്ചതിന് തുറമുഖ മന്ത്രാലയത്തെ അഭിനന്ദിക്കുകയായിരുന്നു അദ്ദേഹം. സാഗർമന്ഥൻ മനുഷ്യരാശിയുടെ സമൃദ്ധമായ ഭാവിക്ക് മുതൽകൂട്ടാകുമെന്ന് അദ്ദേഹം പറഞ്ഞു.

*******************************************************************

## പാലക്കാട് തിരഞ്ഞെടുപ്പ്

നാളെ നടക്കാനിരിക്കുന്ന ഉപതെരഞ്ഞെടുപ്പിന് പൂർണ്ണ സജ്ജമായി പാലക്കാട്. മണ്ഡലത്തിൽ അന്തിമ വോട്ടർ പട്ടിക പ്രകാരം ആകെ 1,94,706 വോട്ടർമാരാണ് ഉള്ളത്. പത്തു

സ്ഥാനാർത്ഥികൾ മത്സര രംഗത്തുണ്ട്. നാല് ഓക്സിലറി ബൂത്തുകൾ അടക്കം ആകെ 184 പോളിങ് ബൂത്തുകളാണ് ഉപതിരഞ്ഞെടുപ്പിന് സജ്ജീകരിച്ചിട്ടുള്ളത്. എല്ലാപോളിങ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിങ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പാലക്കാട് നിയമസഭാ മണ്ഡലം ഉൾപ്പെടുന്ന പ്രദേശങ്ങളിലെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സ്വകാര്യവ്യാപാര - വ്യവസായസ്ഥാപനങ്ങൾ എന്നിവയ്ക്ക് പൊതു അവധി അനുവദിച്ചിട്ടുണ്ട്.

*******************************************************************

**പാലക്കാട് മുൻകൂർ അനുമതി**

പാലക്കാട് ഉപ തെരഞ്ഞെടുപ്പിൽ വിവാദമായ എൽ. ഡി. എഫ് പത്രപരസ്യത്തിന് മുൻകൂർ അനുമതി വാങ്ങിയിട്ടില്ലെന്ന് പരാതി ഉയർന്നതോടെ ഇതേ കുറിച്ച് അന്വേഷിക്കാൻ ജില്ലാ കളക്ടർ നിർദ്ദേശം നൽകി. തിരഞ്ഞെടുപ്പ് കമ്മീഷൻറെ മീഡിയ മോണിറ്ററിങ് കമ്മിറ്റിയുടെ അനുമതിയില്ലാതെയാണ് പരസ്യം നൽകിയതെന്നാണ് പരാതി.

RNU TVPM

*******************************************************************

**മഹാരാഷ്ട്ര-ഝാർഖണ്ഡ്**

മഹാരാഷ്ട്രയിൽ നാളെ നടക്കുന്ന നിയമസഭ തിരഞ്ഞെടുപ്പിലെ വോട്ടെടുപ്പിനുള്ള എല്ലാ ഒരുക്കങ്ങളും പൂർത്തിയായി. 288 സീറ്റുകളിൽ ഒറ്റഘട്ടമായാണ് വോട്ടെടുപ്പ്. 2,086 സ്വതന്ത്ര സ്ഥാനാർത്ഥികൾ ഉൾപ്പെടെ 4,136 പേരാണ് മഹാരാഷ്ട്രയിൽ ജനവിധി തേടുന്നത്. ഝാർഖണ്ഡിൽ നിയമസഭാ തിരഞ്ഞെടുപ്പിൻറെ രണ്ടാം ഘട്ടവും നാളെ നടക്കും. 12 ജില്ലകളിലെ 38 മണ്ഡലങ്ങളിലേക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. നവംബർ 23-നാണ് വോട്ടെണ്ണൽ.

*******************************************************************

<u>**കണ്ണൂർ - (ഇൻട്രോ)**</u>

ലോകപൈതൃക വാരാഘോഷത്തിന് സംസ്ഥാനത്ത് തുടക്കമായി. കേരളത്തിന്റെ മഹത്തായ പാരമ്പര്യവും ചരിത്രശേഷിപ്പുകളും സംരക്ഷിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

**വിശദാംശങ്ങളുമായി ആകാശവാണി**
**കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ....**
**(വോയിസ്.....................)**

*******************************************************************

<u>**ഫിഷറീസ് പുരസ്കാരങ്ങൾ**</u>

കേന്ദ്ര സർക്കാരിൻറെ ഈ വർഷത്തെ ഫിഷറീസ് പുരസ്കാരങ്ങൾ പ്രഖ്യാപിച്ചു. രാജ്യത്തെ ഏറ്റവും മികച്ച മറൈൻ സംസ്ഥാനമായി കേരളം തിരഞ്ഞെടുക്കപ്പെട്ടു. മികച്ച മറൈൻ ജില്ല കൊല്ലമാണ്. മത്സ്യബന്ധന മേഖലയിലെ സമഗ്ര ഇടപെടലുകളാണ് കേരളത്തെ പുരസ്കാര അർഹമാക്കിയത്. മത്സ്യബന്ധന മേഖലയിലെ വിവിധ ഘടകങ്ങളെ സംയോജിപ്പിച്ച് സമഗ്രമായ ഒരു മാറ്റം സൃഷ്ടിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി സജി ചെറിയാൻ പറഞ്ഞു.

RNUTVPM

*******************************************************************

<u>**ആരോഗ്യമന്ത്രി - ധനസഹായം**</u>

സംസ്ഥാനത്തെ രണ്ട് ആരോഗ്യ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നബാർഡിൻറെ 53 കോടി രൂപയുടെ ധനസഹായത്തിന് ഭരണാനുമതി ലഭിച്ചതായി മന്ത്രി വീണാ ജോർജ്. കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രത്തിന് ആദ്യഘട്ടമായി 28 കോടി രൂപ,

കണ്ണൂർ പിണറായി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിന് രണ്ടാം ഘട്ടമായി 25 കോടി എന്നിങ്ങനെയാണ് അനുവദിച്ചത്.

******************************************************************

**ഇൻവെസ്റ്റ് കേരള- പി രാജീവ് (ഇൻട്രോ)**

അടുത്ത വർഷം ഫെബ്രുവരിയിൽ കൊച്ചിയിൽ സംഘടിപ്പിക്കുന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൻറെ വെബ്സൈറ്റ് മന്ത്രി പി രാജീവ് ലോഞ്ച് ചെയ്തു. ഏറ്റവും മികച്ച മുന്നൊരുക്കത്തോടെ ഈ ആഗോള നിക്ഷേപക സംഗമത്തിന് സംസ്ഥാനം തയ്യാറെടുക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

**(ഹോൾഡ്..........)**

******************************************************************

**ആലപ്പുഴ കൊലപാതകം**

അമ്പലപ്പുഴയിൽ നിന്ന് കാണാതായ കൊല്ലം കരുനാഗപ്പള്ളി സ്വദേശി വിജയലക്ഷ്മിയുടെ കൊലപാതകവുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ സ്വദേശി ജയചന്ദ്രനെ കരുനാഗപ്പള്ളി പോലീസ് കസ്റ്റഡിയിലെടുത്തു. വിജയലക്ഷ്മിയെ കാണാനില്ലെന്ന ബന്ധുക്കളുടെ പരാതിയെ തുടർന്ന് നടത്തിയ അന്വേഷണത്തിലാണ് കൊലപാതകം പുറത്തറിഞ്ഞത്. മൃതദേഹം ജയചന്ദ്രൻറെ നിർമ്മാണം നടക്കുന്ന വീട്ടിൽ കുഴിച്ചിട്ട നിലയിലാണ് കണ്ടെത്തിയത്.

******************************************************************

**ദേശീയ ക്ഷീരദിനം - മിൽമ**

ദേശീയ ക്ഷീര ദിനാഘോഷങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് മിൽമയുടെ തിരുവനന്തപുരം ഡെയറി സന്ദർശിക്കാൻ അവസരം. ഈ മാസം 25 , 26 തീയതികളിൽ രാവിലെ 10 മുതൽ

RNU TVPM

വൈകുന്നേരം 5 വരെയാണ് സന്ദർശനത്തിന് സൗകര്യമൊരുക്കിയിട്ടുള്ളത്.

*************************************************************

## തെള്ളിയൂർക്കാവ് - (ഇൻട്രോ)

തിരുവിതാംകൂർ ദേവസ്വം ബോർഡിൻറെ കീഴിലുള്ള മേജർ തെള്ളിയൂർകാവ് ദേവീക്ഷേത്രവുമായി ബന്ധപ്പെട്ട പ്രസിദ്ധമായ തെള്ളിയൂർകാവ് വൃശ്ചിക വാണിഭം ഡിസംബർ ഒന്ന് വരെ നടക്കും. പഴമയ്ക്കൊപ്പം ഒരു പ്രദേശത്തിൻറെ സാംസ്കാരിക പൈതൃകത്തെയാണ് വിളംബരം ചെയ്യുന്നത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി**

**പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

**(വോയിസ്........)**

RNU TVPM

*************************************************************

## വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ്

വനിതാ ഏഷ്യൻ ചാമ്പ്യൻഷിപ്പ് ഹോക്കിയുടെ ആദ്യ സെമിയിൽ മലേഷ്യയെ പരാജയപ്പെടുത്തി ചൈന ഫൈനലിൽ പ്രവേശിച്ചു. ഇന്ത്യയും ജപ്പാനും തമ്മിലുള്ള രണ്ടാം സെമി ഫൈനൽ മത്സരം പുരോഗമിക്കുകയാണ്. നാളെയാണ് ഫൈനൽ മത്സരം.

*************************************************************

## ചൈന ഓപ്പൺ ബാഡ്മിൻറൺ

ചൈന ഓപ്പൺ ബാഡ്മിൻറൺ ടൂർണമെൻറിൻറെ മിക്സഡ് ഡബിൾസിൽ ഇന്ത്യൻ താരങ്ങളായ സുമീത് റെഡ്ഡി, എൻ സിക്കി റെഡ്ഡി സഖ്യം - യു.എസ് സഖ്യത്തെ പരാജയപ്പെടുത്തി അടുത്ത റൗണ്ടിലേക്ക് കടന്നു.

*************************************************************

**കോഴിക്കോട് - നടപടി**

കോഴിക്കോട് കോട്ടമുഴിപാലത്തിൻറെ അപ്രോച്ച് റോഡിന്റെ റീടെയ്നിംഗ് വാൾ നിർമ്മാണത്തിലിരിക്കെ ഇടിഞ്ഞ സംഭവത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ലിൻറോ ജോസഫ് എം.എൽ.എ നിർദേശം നൽകി. സോയിൽ പൈപിംഗ് നടന്നതാണ് കെട്ട് ഇടിയാൻ കാരണമെന്നാണ് പ്രാഥമിക നിഗമനം. പൊതുമരാമത്തിൻ◌െറ പാലം വിഭാഗം എക്സിക്യുട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിൽ രാവിലെ തന്നെ ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചു. നാളെ തന്നെ നിർമ്മാണം പുനരാരംഭിക്കും.

**********************************************************************

**പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്**

ഭിന്നശേഷിക്കാർക്കായി കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന കേന്ദ്ര സാമൂഹിക നീതി മന്ത്രാലയം നടപ്പിലാക്കുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഫോർ സ്റ്റുഡൻറ്സ് വിത്ത് ഡിസെബിലിറ്റീസിനായി അപേക്ഷ ക്ഷണിച്ചു. നാഷണൽ സ്കോളർഷിപ്പ് പോർട്ടലിലൂടെ ഓൺലൈനായി ഈ മാസം 30 വരെ അപേക്ഷ സമർപ്പിക്കാം.

RNU TVPM

**********************************************************************

**മൻ കി ബാത്**

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ രാജ്യത്തെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് ഈ മാസം 24-ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 116-ആം പതിപ്പാണിത്. **myGov** ഓപ്പൺ ഫോറത്തിലും **NaMo** ആപ്പിലൂടേയും 18 00-11-78 00 എന്ന ടോൾ ഫ്രീ നമ്പറിലൂടേയും വെള്ളിയാഴ്ച വരെ ജനങ്ങൾക്ക് ആശയങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കാം.

**********************************************************************